**ക്ഷീരവികസന വകുപ്പ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം**

**ഹാജർ : സുപിൻ വി. കെ.എ.എസ്.**

ക്ഷീരവികസന വകുപ്പ് - ഡയറക്ടറേറ്റ് - തിരുവനന്തപുരം - ജീവനക്കാര്യം - ശ്രീ. ഗിരീഷ് കുമാർ പി.വി., ലാബ് അസിസ്റ്റന്റ്, റീജിയണൽ ഡെയറി ലാബ്, കോട്ടയം-നെ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പാൽ പരിശോധനാ ചെക്ക് പോസ്റ്റിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്ഷീരവികസന വകുപ്പ്

നം.DDDKER/591/2024-E1 തിരുവനന്തപുരം,തീയതി : 27-11-2024

പരാമർശം:- 1. ഈ കാര്യാലയത്തിൽ നിന്നുള്ള 25.10.2024 ലെ മേൽനമ്പർ ഉത്തരവ്.

2. കോട്ടയം റീജിയണൽ ഡെയറി ലാബ് ഡെപ്യൂട്ടി ഡയറക്ടറുടെ 15.10.2024 ലെ RLKTM/216/2024-CLRK നമ്പർ കത്ത്.

**ഉത്തരവ്**

മേൽപരാമർശം (1) ലെ ഉത്തരവിന് വിധേയമായി പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പാൽ പരിശോധനാ ചെക്ക് പോസ്റ്റിലെ ലാബ് അസിസ്റ്റന്റായിരുന്ന ശ്രീ. ബിജു പി.യ്ക്ക് വകുപ്പുതല ബൈ-ട്രാൻസ്ഫർ മുഖേന ലാബ് ടെക്നീഷ്യനായി നിയമനം ലഭിച്ചിരുന്നു. ടി സാഹചര്യത്തിൽ മീനാക്ഷിപുരം ചെക്ക് പാൽ പരിശോധനാ ചെക്ക് പോസ്റ്റിലുണ്ടായ ലാബ് അസിസ്റ്റന്റ് തസ്തികയിലെ ഒഴിവിലേക്ക് സ്ഥലംമാറ്റം നൽകണമെന്ന് മേൽപരാമർശം (2) പ്രകാരം കോട്ടയം റീജിയണൽ ലാബിലെ ലാബ് അസിസ്റ്റന്റായ ശ്രീ. ഗിരീഷ് കുമാർ പി.വി. അപേക്ഷിച്ചിരിക്കുന്നു.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ, കോട്ടയം റീജിയണൽ ഡെയറി ലാബിലെ ലാബ് അസിസ്റ്റന്റായ ശ്രീ. ഗിരീഷ് കുമാർ പി.വി,യെ പാലക്കാട് ജില്ലയിലെ മീനാക്ഷിപുരം പാൽ പരിശോധനാ ചെക്ക് പോസ്റ്റിലേക്ക് സ്ഥലംമാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടിയാനെ നിലവിലെ കാര്യാലയത്തിൽ നിന്നും അടിയന്തരമായി വിടുതൽ ചെയ്യേണ്ടതും ടിയാൻ അടിയന്തരമായി പുതിയ കാര്യാലയത്തിൽ ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. വിടുതൽ ചെയ്ത വിവരവും ജോലിയിൽ പ്രവേശിച്ച വിവരവും ഒട്ടും കാലതാമസം കൂടാതെ ബന്ധപ്പെട്ട മേലധികാരികൾ ഈ കാര്യാലയത്തിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

Signed by
Supin V Kas
Date: 27-11-2024 12:12:57

**അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ K.A.S**

To:- ബന്ധപ്പെട്ട ജീവനക്കാരന് (ഓഫീസ് മേലധികാരി മുഖേന)

പകർപ്പ് :-

1) ഡെപ്യൂട്ടി ഡയറക്ടർമാർ (പാലക്കാട്, കോട്ടയം)

2) അസിസ്റ്റന്റ് ഡയറക്ടർ, റീജിയണൽ ഡെയറി ലാബ്, കോട്ടയം.

3) ക്ഷീരവികസന ഓഫീസർ, ചിറ്റൂർ, പാലക്കാട് (ഡി.ഡി. മുഖേന).

4) ഡയറക്ടറുടെ മേശപ്പുറത്ത്.

5) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ മേശപ്പുറത്ത്.

6) ജോയിന്റ് ഡയറക്ടർമാർ (ജനറൽ, പ്ളാനിംഗ്)

7) ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും.

8) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്.

9) ഇ സെക്ഷൻ സീനിയർ സൂപ്രണ്ട്.

10) സഞ്ചയം.

11) ശേഖരസഞ്ചയം.